(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ഓരോ ജില്ലയിലും നിലവിൽ ആകെ എത്ര അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ടെന്നും അവരിൽ എത്ര പേർ ഗസ്റ്റ് ലക്ചേഴ്സ് ആയും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനത്തിലൂടെയും പഠിപ്പിക്കുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം

58 [1418] ശ്രീ. എം. വി ഗോവിന്ദൻ മാസ്റ്റർ:
,, സാജു പോൾ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പുതുതായി എത്ര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പുതിയ വി. എച്ച്. എസ്. സി.-കൾ തുടങ്ങുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സാധ്യതാപഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ മേഖലയിലോ എയിഡഡ് മേഖലയിലോ പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഈ മേഖലയിൽ എത്ര സ്കൂളുകൾ വീതം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നടത്തുന്നതിനാവശ്യമായ സ്ഥലസൗകര്യം, സ്ഥിരം കെട്ടിടം, ലാബോറട്ടറി സൗകര്യങ്ങൾക്കാവശ്യമായ മുറികൾ എന്നിവയെല്ലാമുള്ള ഹൈസ്ക്കൂളുകളെയാണ് പുതിയ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതിന് പരിഗണിക്കുന്നത്. പ്രാദേശികമായി വൊക്കേഷണൽ സ്ഥാപനങ്ങളുടെ ലഭ്യത, അധിക ആവശ്യകത തുടങ്ങിയ കാര്യങ്ങളും സ്കൂളുകൾ അനുവദിക്കുമ്പോൾ മാനദണ്ഡമാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി 100 സ്കൂളുകളിൽ രണ്ട് വീതം 200 കോഴ്സുകളും നിലവിലുള്ള വൊക്കേഷണൽ സ്കൂളുകളിൽ പുതിയ 200 കോഴ്സുകളും ആരംഭിക്കുന്നതിന് കേന്ദ്രസഹായം തേടിയിട്ടുണ്ട്.

(സി) സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ച് ഒരു വൊക്കേഷണൽ സർവ്വേ നടത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

പന്തളം പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, തണ്ടാനവിള ഗവൺമെന്റ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ

58 [1419] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, തണ്ടാനവിള ഗവൺമെന്റ് ഹൈസ്ക്കൂൾ, എന്നിവിടങ്ങളിൽ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പുതുതായി വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുമ്പോൾ അവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്കൂളുകളെയായിരിക്കും പുതിയ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്നതിന് പരിഗണിക്കുക.

ഹയർ സെക്കന്ററി അദ്ധ്യാപിക ശ്രീമതി ആനി മാത്യുവിന്റെ പരാതി

60 [1420] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ബധിര വിദ്യാലയത്തിലെ ഹയർ സെക്കന്ററി അധ്യാപിക ശ്രീമതി ആനിമാത്യു ജീവനക്കാരുടെ പൊതുപണിമുടക്കുമായി ബന്ധപ്പെട്ട് ചില അധ്യാപകർ തന്നെ ഉപദ്രവിച്ചതായി വിദ്യാഭ്യാസ മന്ത്രിക്കും വിവിധ അധികാരികൾക്കും നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly